മെട്രോ വാർത്ത
18 September 2017

സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ തൊഴിൽ പഠന പരിശീലനം

# കടലമ്മയുടെ മക്കൾക്ക് കൈത്താങ്ങ്

കൊച്ചി: മത്സ്യത്തൊഴിലാളി മേഖലയിൽ സ്ത്രീ ശാക്തീകരണത്തിന്റെ പുതിയ ചുവടുവയ്പുകളുമായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) പരിശീലന പദ്ധതി. സംരംഭകത്വം, വ്യക്തിത്വ വികസനം, നേതൃത്വ പാടവം, ആശയവിനിമയം, മത്സരപരീക്ഷ പരിജ്ഞാനം തുടങ്ങിയ മേഖലകളിൽ തൊഴിൽ-പഠന പരിശീലനം നൽകുന്ന തീരനൈപുണ്യ പദ്ധതിയിൽ ഇതിനകം 100 വനിതകൾ പരിശീലനം പൂർത്തിയാക്കി കഴിഞ്ഞു.

മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വനിതകൾക്കായി രണ്ട് മാസം സ്റ്റൈപ്പന്റോടെയാണ് പരിശീലനം. ആദ്യത്തെ മാസം ക്ലാസ് മുറിയിലും അടുത്ത മാസം അനുബന്ധ തൊഴിൽ സ്ഥാപനങ്ങളിലും പരിശീലനം നൽകും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ആശുപത്രി, ബിസിനസ് സംരംഭങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലാണിത്.

അഭിരുചിക്കനുസരിച്ചുള്ള തൊഴിൽ മേഖലകൾ തിരിച്ചറിയാനും തൊഴിൽ ലഭ്യമാക്കാനും വനിതകളെ പരിശീലിപ്പിക്കുന്നതാണു പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഉന്നത വിദ്യാഭ്യാസം നേടുന്നതിനും കോഴ്സുകൾ തെരഞ്ഞെടുക്കുന്നതിനും സഹായം നൽകുന്നുണ്ട്. തൊഴിൽ, ഉപരിപഠനം, വ്യക്തിത്വ വികസനം തുടങ്ങിയ മേഖലകളിൽ മത്സ്യത്തൊഴിലാളി വനിതാ സഹായക സംഘത്തിന്റെ (സാഫ്) സഹകരണത്തോടെ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) നടത്തുന്ന ബഹുമുഖ പരിശീലന പദ്ധതിയാണ് തീരനൈപുണ്യ.



പരിശീലനം പൂർത്തിയാക്കിയ മൂന്നാം ബാച്ച് അംഗങ്ങൾ.

മൂന്നു ബാച്ചുകളാണ് തീരനൈപുണ്യ പദ്ധതിയുടെ കീഴിൽ സിഎംഎഫ്ആർഐയിൽ നിന്ന് പരിശീലനം പൂർത്തിയാക്കിയത്. ജൂലൈ മുതൽ സെപ്റ്റംബർ വരെയുള്ള തീരനൈപുണ്യ പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ 35 വനിതകൾക്ക് പരിശീലനം നൽകി.

ബാച്ചിലെ ഏറ്റവും മികച്ച പരിശീലകയായി ടി എം നിബിഷയെ തിരഞ്ഞെടുത്തു. മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ജീവിത നിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെയാണ് സിഎംഎഫ്ആർഐ തീരനൈപുണ്യ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. തൊഴിൽ നേടാനും സാമ്പത്തിക സ്വാശ്രയത്വം കൈവരിക്കാനുമുതകുന്ന രീതിയിൽ കഴിവുകൾ വികസിപ്പിക്കുന്ന തരത്തിലാണ് പരിശീലന പരിപാടി. രണ്ട് മാസത്തെ പരിശീലനം പൂർത്തിയാക്കിയതിന് ശേഷവും തുടർപ്രവർത്തനങ്ങളിലും തൊഴിലന്വേഷണങ്ങളിലും പദ്ധതിയിൽ പങ്കാളികളായവർക്ക് സിഎംഎഫ്ആർഐ സഹായം നൽകും.

മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ജീവിത നിലവാരം ഉയർത്താൻ വനിതകളുടെ ശാക്തീകരണം അനിവാര്യമാണെന്നതിനാലാണ് സിഎംഎഫ്ആർഐ തീരനൈപുണ്യ പരിശീലന പരിപാടി നടപ്പിലാക്കി വരുന്നതെന്ന് ഡയറക്ടർ ഡോ എ. ഗോപാലകൃഷ്ണൻ പറഞ്ഞു. മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ പ്ലസ്ടുവിനും അതിന് മുകളിലും വിദ്യാഭ്യാസ യോഗ്യതയുള്ളവരെയാണ് തീരനൈപുണ്യ പരിശീലന പദ്ധതിയിലേക്ക് തിരഞ്ഞെടുക്കുന്നത്. നാലാമത്തെ ബാച്ചിനുള്ള പരിശീലനം ജനുവരിയിൽ ആരംഭിക്കും.